**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 519 **30.06.2016-**ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് നിയോജക മണ്ഡലത്തിലെ ഏതെല്ലാം കോളനികളിലാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നത്; | (എ) | 2012-13 സാമ്പത്തിക വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കാസർഗോഡ് നിയോജക മണ്ഡലത്തിലെ അമോയ് കോളനിയിലും ഗോളിയടുക്ക - ബദിയടുക്ക കോളനിയിൽ ഗാന്ധി ഗ്രാമം പദ്ധതി പ്രകാരവും വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള ഹാംലെറ്റ് വികസന പദ്ധതി പ്രകാരം 2013-14 വർഷത്തിൽ കാറടുക്ക പഞ്ചായത്തിലെ മായിലാംകോട്ട കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഓരോ കോളനിക്കും അനുവദിച്ച തുക എത്രയാണ്; എത്ര രൂപയുടെ പ്രവൃത്തികൾ പൂർത്തിയായി; എപ്പോഴാണ് ഈ പ്രവൃത്തികൾ ആരംഭിച്ചത്; കാലാവധി എന്നു വരെയാണ്; ഇതുവരെ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കാരണമെന്താണ്; | (ബി) | കാസർഗോഡ് നിയമസഭാ മണ്ഡലത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം അമോയ് കോളനിക്കും ഗാന്ധിഗ്രാമം പദ്ധതി പ്രകാരം ഗോളിയടുക്ക - ബദിയടുക്ക കോളനിക്കും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഒരു കോടി രൂപ വീതമാണ് അനുവദിച്ചിരിക്കുന്നത്. ഒന്നാം ഗഡുവായി അമോയ് കോളനിക്ക് 25 ലക്ഷം രൂപയും ഗോളിയടുക്ക - ബദിയടുക്ക കോളനിക്ക് 25 ലക്ഷം രൂപയും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്.<br>2012-13 സാമ്പത്തിക വർഷം സ്വയം പര്യാപ്ത ഗ്രാമം പദ്ധതിക്കും 2014-15 സാമ്പത്തിക വർഷം ഗാന്ധി ഗ്രാമം പദ്ധതിക്കുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. കരാർ ഒപ്പിട്ട് 6 മാസത്തിനകം പണി പൂർത്തീകരിക്കേണ്ടിയിരുന്നു. |

| | | | |
|---|---|---|---|
| | | | സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത സർക്കാർ ഏജൻസികളുടെ കാര്യശേഷിക്കുറവ്, തനതു മനുഷ്യവിഭവശേഷിക്കുറവ്, കമ്മ്യൂണിറ്റി ഹാൾ മുതലായവയ്ക്ക് കോളനിയിലെ സ്ഥലലഭ്യതക്കുറവ്, കോളനി നിവാസികളുടെ ആവശ്യപ്രകാരം എസ്റ്റിമേറ്റിൽ വരുന്ന നിരന്തര മാറ്റങ്ങൾ തുടങ്ങിയ കാരണങ്ങളാലാണ് കോളനികളുടെ നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തത്.<br>മായിലാംകോട്ട പട്ടികവർഗ്ഗ കോളനിയിൽ വീടുകളുടെ നിർമ്മാണം, പുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം എന്നിവയ്ക്കായി 65,50,000/- രൂപ (അറുപത്തഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) വകയിരുത്തിയിരുന്നു. ഇതിൽ 28,37,500/- രൂപ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രയ്ക്ക് നൽകിയിട്ടുണ്ട്. 15.01.2014-ന് എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചിരുന്നു. 31.03.2014 വരെയായിരുന്നു കാലാവധി. ഭവന നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്താക്കൾ നേരിട്ടാണ് ചെയ്യുന്നത്. കമ്മ്യൂണിറ്റി ഹാളിന് സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| (സി) | പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ സ്ഥാപനത്തിന്റെ പേരെന്താണ്; കാലവിളംബമുണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു? | (സി) | അമോയ് കോളനി - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (ആലുവ).<br>ഗോളിയടുക്ക-ബദിയടുക്ക കോളനി - സിഡ്കോ<br>സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രവൃത്തി ഏറ്റെടുത്തത് ജില്ലാ നിർമ്മിതി കേന്ദ്രമാണ്. സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ